# Joint Press Release of the 6th round of Senior Commanders' Meeting between India and China

September 22, 2020

---

## ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയിലുള്ള ഉന്നത കമ്മാണ്ടർമാരുടെ 6 ആം ഘട്ട യോഗത്തെ ആസ്പദമാക്കിയുള്ള മാധ്യമ പ്രസ്താവന

സെപ്റ്റംബർ 22, 2020

സെപ്റ്റംബർ 21 ന് ഇന്ത്യയും ചൈനയിലെയും ഉന്നത കമ്മാണ്ടർമാർ തമ്മിലുള്ള 6 ആം ഘട്ട മിലിറ്ററി കമാണ്ടർ ലെവൽ യോഗം നടന്നു. ഇരു വിഭാഗങ്ങളും തമ്മിൽ ഇന്ത്യ ചൈന അതിർത്തി പ്രദേശങ്ങളിൽ യഥാർത്ഥ നിയന്ത്രണ രേഖയിലുടനീളമുള്ള സാഹചര്യം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള വ്യക്തവും ഗഹനവുമായ ചർച്ചകൾ നടന്നു. ഇരു രാജ്യങ്ങളിലെയും നേതാക്കൾ തമ്മിൽ എത്തിച്ചേർന്നിട്ടുള്ള ഐക്യ അഭിപ്രായങ്ങൾ ആത്മാർത്ഥതയോടെ നടപ്പാക്കുന്നതിനും, അടിസ്ഥാനപരമായ ആശയ വിനിമയം ശക്തിപ്പെടുത്തുന്നതിനും, തെറ്റായ ധാരണകളും നിർണയങ്ങളും ദുരീകരിക്കുന്നതിനും, മുൻ നിരയിലേക്ക് കൂടുതൽ സൈനികരെ വിന്യസിക്കുന്നത് നിർത്തലാക്കുന്നതിനും, അടിസ്ഥാനപരമായ സാഹചര്യങ്ങൾ ഏകപക്ഷീയമായി മാറ്റുന്നത് തടയുന്നതിനും സാഹചര്യങ്ങൾ കൂടുതൽ പ്രതിസന്ധിയിലാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും അവർ സമ്മതിച്ചു. നിലവിലെ പ്രശ്നങ്ങൾ ശരിയായ രീതിയിൽ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ എടുക്കുന്നതിനും ഒരുമിച്ച് തന്നെ അതിർത്തി പ്രദേശത്തെ സമാധാനവും ശാന്തതയും പരിപാലിക്കുന്നതിനും കൂടാതെ എത്രയും പെട്ടെന്നും തന്നെ 7 ആം ഘട്ട ചർച്ചകൾ നടത്തുന്നതിനും ഇരു വിഭാഗലും അനുകൂലിച്ചു.

**ന്യൂ ഡൽഹി**
**22 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.